No.004/2011/CL Dtd: 15.11.2011 Latin Archdiocese of Trivandrum, Vellayambalam

# ആഗമനകാലം 2011
# ഡിസംബർ 4 : ലത്തീൻ കത്തോലിക്ക സമുദായ ദിനം

*ദൈവത്തിനു സ്തുതി!*
*ദൈവജനത്തിനു സമാധാനം!*

വന്ദ്യ വൈദികരേ സന്യസ്ത സഹോദരരേ, പ്രിയ സഹോദരി സഹോദരന്മാരേ,

ആഗമനകാലം ഒന്നാം ഞായറാഴ്ചയായ ഇന്നേദിവസം ഏറെ പ്രതീക്ഷയോടു കൂടി പുതിയൊരു ആരാധനാ വത്സരത്തിലേക്കു നാം പ്രവേശിക്കുകയും പിറവിത്തിരുനാൾ ആഘോഷങ്ങൾക്ക് ഒരുങ്ങുകയുമാണ്. കേരളത്തിലെ ലത്തീൻ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഇന്നു സമുദായദിനം കൂടിയാണ്.

യേശുവിന്റെ ജനനത്തെ ഏശയ്യാ പ്രവാചകന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് അന്ധകാരത്തിൽ ഉദയം ചെയ്ത പ്രകാശമായിട്ടാണ് മത്തായി സുവിശേഷകൻ അവതരിപ്പിക്കുന്നത്. “അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു”. (മത്താ 4:16) ഇന്നു നാം ജീവിക്കുന്ന സമുദായത്തിന്റെ ഒരു പ്രതിഫലനം കൂടിയാണിത്.

**ഇരുൾ വീണ താഴ്വരകൾ**

ഇന്നത്തെ സമൂഹത്തെയും അന്ധകാരത്തിൽ കഴിയുന്ന ഒരു ജനതയായി വിശേഷിപ്പിക്കാൻ തോന്നിപ്പോകുന്നു. അന്ധകാരത്തിന്റെ ശക്തികൾ ചുറ്റും കൊടികുത്തി വാഴുന്ന അനുഭവമാണ് നമുക്കുള്ളത്. അക്രമം. അഴിമതി, അസന്മാർഗ്ഗികത, മദ്യപാനം, വർഗ്ഗീയത, തീവ്രവാദം, മതനിന്ദ ഗുണ്ടാപ്രവർത്തനങ്ങൾ തുടങ്ങിയ അന്ധകാരശക്തികളുടെ സ്വാധീനത്തിലാണ് ഇന്ന് നല്ലൊരു ഭാഗം ആളുകളും. ഗർഭച്ഛിദ്രത്തിലൂടെയും ദയാവധത്തിലൂടെയും ശിക്ഷണ നടപടികളിലൂടെയും ജനസംഖ്യ പരിമിതപ്പെടുത്തുവാനുള്ള ശ്രമങ്ങൾ മരണ സംസ്കാരം ഒന്നിനൊന്നു വ്യാപിക്കുന്നുവെന്നതിന്റെ ലക്ഷണങ്ങളാണ്.

പ്രത്യേകിച്ചും അഴിമതിയെക്കുറിച്ച് ഈ അടുത്തകാലത്തായി ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് അനുദിനമെന്നോണം നാം കേട്ടുകൊണ്ടിരിക്കുന്നത്. ഭാരത സ്വാതന്ത്ര്യത്തിനുശേഷം നാം കണ്ട ഏറ്റവും വലിയ അഴിമതിയാണ് ഒന്നേമുക്കാൽ ലക്ഷം കോടിയുടെ 2 ജി സെപ്ക്രടം അഴിമതി. ഈ വൻ തുകയുടെ അക്കങ്ങൾ എണ്ണിതിട്ടപ്പെടുത്തുവാൻ പ്രയാസമാണെന്നാണ് കോടതി പോലും പറയുന്നത്. ഇത്രയും തുക നോട്ടുകെട്ടുകളായി അടുക്കിവച്ചാൽ ചന്ദ്രനോളം ഉയരത്തിൽ എത്താനാവുമെന്ന ചില ധനശാസ്ത്ര വിദഗ്ധന്മാരുടെ പരാമർശം അല്പം അതിശയോക്തി കലർന്നതാണെങ്കിലും അഴിമതിയുടെ ആഴങ്ങളിലേക്ക് വിരൽ ചൂണ്ടുന്നതാണ്. വമ്പിച്ച ഈ 2 ജി സ്പെക്ട്രം അഴിമതി ഒന്നേമുക്കാൽ ലക്ഷം കോടിയുടേതാണെങ്കിൽ കഴിഞ്ഞ പത്തുകൊല്ലങ്ങൾക്കിടയ്ക്കുമാത്രം ഏഴരലക്ഷം കോടികളുടെ പൊതുമുതൽ അപഹരിക്കപ്പെട്ടുവെന്നാണ് ഉത്തരവാദിത്വപ്പെട്ടവരുടെ കണക്കുകൂട്ടൽ. പിടിക്കപ്പെടാത്ത കോടികളുടെ അഴിമതികൾ ഇതിനു പുറമെയാണ്. “അന്താരാഷ്ട്ര സുതാര്യത” (Transperancy International) എന്ന സംഘടന 178 രാഷ്ട്രങ്ങളിൽ

നടത്തിയ അഴിമതി വിമുക്ത രാജ്യങ്ങളുടെ പട്ടികയിൽ പത്തിൽ വെറും 3.3 മാർക്ക് നേടിയ ഇന്ത്യ 87-ാം സ്ഥാനത്താണ് നില്ക്കുന്നത്. ഇങ്ങനെ വർദ്ധിച്ചുവരുന്ന അഴിമതികൾ സർക്കാരിന്റെ ഖജനാവ് കാലിയാക്കുമ്പോൾ അത് നികത്തുന്നത് സാധാരണക്കാരുടെ മേൽ അധിക നികുതി ചുമത്തിക്കൊണ്ടാണ്. ഇതിനുംപുറമേയാണ് കൂനിന്മേൽ കുരുവെന്നതുപോലെ വിവിധ ഉല്പന്നങ്ങളുടെ തുടർച്ചയായ വിലവർദ്ധന. അർബുദം പോലെ സമസ്ത മേഖലകളെയും കരണ്ടു തിന്നുകൊണ്ടുകൊണ്ടിരിക്കുന്ന അഴിമതികാരണം സാധാരണക്കാരുടെ ജീവിതം ഒന്നിനൊന്നു ദുഃസഹമായിത്തീരുന്നു. സാമൂഹ്യ തിന്മകൾ പെരുകുന്നു; ഒരുവശത്ത് ധൂർത്തും ആഡംബരവും ആർത്തിയും അക്രമവും അരാജകത്വവും വർദ്ധിക്കുമ്പോൾ മറുവശത്ത് വേദനയും കഷ്ടപ്പാടുകളും പട്ടിണി മരണങ്ങളും ആത്മഹത്യകളും പെരുകുന്നു.

**ക്രിസ്തു അന്ധകാരമകറ്റുന്ന വെളിച്ചം**

അന്ധകാരാവൃതമായ ഇന്നത്തെ നമ്മുടെ സാമൂഹ്യാവസ്ഥയ്ക്ക് എന്തെങ്കിലും ഒരു മോചനമാർഗ്ഗമുണ്ടോ? അഴിമതിക്കെതിരായ നിയമങ്ങളും സംവിധാനങ്ങളും ധാരാളമുണ്ട്. എന്നാൽ അവയ്ക്കൊന്നിനും ഉദ്ദേശിക്കുന്ന ഫലം പുറപ്പെടുവിക്കാനാവുന്നില്ല. ശക്തമായ ഒരു ലോക്പാൽ ബില്ലിലൂടെ വർദ്ധിച്ചുവരുന്ന അഴിമതിയും അക്രമവും ഒരു പരിധിവരെ നിയന്ത്രിക്കാനാവുമെന്ന് നാം പ്രതീക്ഷിക്കുന്നു. എന്നാൽ നിയമങ്ങളും സംവിധാനങ്ങളും കൊണ്ടുമാത്രം അന്ധകാരശക്തികളെ ഉന്മൂലനം ചെയ്യാനാവില്ല. തിരുവചനങ്ങൾ പറയുന്നതുപോലെ അന്ധകാരത്തിൽ കഴിയുന്ന ഇന്നത്തെ ജനതയും വലിയൊരു പ്രകാശം കാണേണ്ടിയിരിക്കുന്നു. മരണത്തിന്റെ മേഖലയിലും നിഴലിലും കഴിയുന്ന ഇന്നത്തെ സമൂഹത്തിലും ദീപ്തി ഉദയം ചെയ്യേണ്ടിയിരിക്കുന്നു. യേശുവാണ് ഈ പ്രകാശം; അവിടുത്തെ പ്രബോധനങ്ങളാണ് ഈ ദീപ്തി. യേശു ജനിച്ച രാത്രിയും അന്ധകാരാവൃതമായിരുന്നു. ഇടയന്മാരുടെ മേൽ ആരാത്രിയിൽ 'കർത്താവിന്റെ മഹത്വം പ്രകാശിച്ചു". (ലൂക്കാ 2:9) യേശു തന്നെ പറയുന്നു: "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുന്നില്ല" ( യോഹ 8:12 )

യേശുവിനെ അനുഗമിക്കാനും അന്ധകാരമകറ്റുവാനും പ്രകാശത്തിൽ ചരിക്കുവാനും സാധിക്കണമെങ്കിൽ സ്വയം പരിത്യജിക്കുവാനും കുരിശുചുമക്കുവാനും നാം തയ്യാറാവണം (cfr, മത്താ. 16:24). ഇന്ന് അഴിമതി പലർക്കും അന്തമില്ലാത്ത ഭൗതിക താല്പര്യങ്ങൾ സാധിച്ചെടുക്കുവാനുള്ള കുറുക്കുവഴിയാണ്. നിയമങ്ങളും സംവിധാനങ്ങളും കൊണ്ടു മാത്രം ഇതിന് ഒരു പരിഹാരമുണ്ടാക്കാനാവില്ല. സ്വാർത്ഥതയും ദുരാഗ്രഹങ്ങളും കെട്ടു പിണഞ്ഞു കിടക്കുന്ന മനുഷ്യ മനസ്സിന് ഒരു പരിവർത്തനമുണ്ടാവണം. അഴിമതിയിൽ മുങ്ങികിടക്കുകയും അതിനു കൂട്ടുനിൽക്കുകയും ചെയ്യുന്നവരോട് യേശു ചോദിക്കുന്നു: "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?" (മത്താ. 16:26) ഇതിന് അഴിമതിയിലൂടെയും ചൂഷണത്തിലൂടെയും എല്ലാം വാരിക്കൂട്ടിയ ശേഷം മാനസാന്തരപ്പെട്ട സക്കേവൂസിന്റ മറുപടി ഇതായിരുന്നു: " കർത്താവേ എന്റെ സ്വത്തിന്റെ പകുതി ഞാൻ ദരിദ്രർക്ക് നല്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ചുകൊടുക്കുന്നു" (ലൂക്കാ. 19:8) മാനസാന്തരത്തിന്റെ ഈ നിമിഷങ്ങളിലാണ് സക്കേവൂസിന്റെ ജീവിതത്തിൽ പ്രകാശം ഉദയം ചെയ്തത്. യേശു അരുൾചെയ്തു: "ഇന്ന് ഈ ഭവനത്തിനു രക്ഷ ലഭിച്ചിരിക്കുന്നു" (ലൂക്കാ. 19:9). യേശു നമുക്ക് നല്കുന്ന മുന്നറിയിപ്പും ഇതുതന്നെയാണ്. " ഭൂമിയിൽ നിങ്ങൾ നിക്ഷേപങ്ങൾ കരുതിവയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളന്മാർ തുരന്നു മോഷ്ടിക്കും. എന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല; കള്ളന്മാർ മോഷ്ടിക്കുകയുമില്ല" (മത്താ. 6:19-20). ലോകത്തിന്റെ പ്രകാശമായ യേശുവിനെ അനുകരിക്കുകയും അവിടുത്തെ പ്രബോധനങ്ങളനുസരിച്ച് സുകൃത സമ്പന്നമായ ഒരു ജീവിതം നയിക്കുകയും ചെയ്യുമ്പോഴാണ് നാമും ലോകത്തിന്റെ പ്രകാശമായി തീരുന്നത് (ലൂക്കാ, മത്താ. 5:14). "മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മേൽ പ്രകാശിക്കട്ടെ " (മത്താ. 5:16).

അതുകൊണ്ട് ഇന്നത്തെ സമൂഹത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന അന്ധകാര ശക്തികളെ അപലപിച്ചതുകൊണ്ടുമാത്രമായില്ല. വെറും നിയമങ്ങളിലൂടെയും സംവിധാനങ്ങളിലൂടെയും അവയെ അതിജീവിക്കുവാൻ സാധിക്കുകയില്ലെന്നും നമുക്കറിയാം. സർവ്വ പ്രധാനമായി വേണ്ടത് നാമോരോരുത്തരിലും നമ്മുടെ സമൂഹങ്ങളിലും സംഭവിക്കേണ്ട പരിവർത്തനമാണ്. നമ്മുടെ തന്നെ വ്യക്തിപരവും സംഘടിതവുമായ കാഴ്ച

പ്പാടുകളും സമീപനരീതികളും കളങ്കമറ്റതാണെന്നു പറയാൻ സാധിക്കുമോ? നമ്മുടെ സംവിധാനങ്ങളുടെയും സ്ഥാപനങ്ങളുടെയും നടത്തിപ്പ് സത്യസന്ധവും സുതാര്യവുമാണോ? ഒളിഞ്ഞും തെളിഞ്ഞുമുള്ള നിരവധി വിമർശനങ്ങളെ സഭ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലമാണിത്. നിക്ഷിപ്ത താല്പര്യങ്ങളോടെ സഭയ്ക്കെതിരായി അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ ഉന്നയിക്കുന്നവരെ നാം കാര്യമാക്കേണ്ടതില്ല. എന്നാൽ പൂർണ്ണമായും തെറ്റുകൾക്ക് അധീനരാണ് നാമെന്നും പറയാനാവില്ല. ആത്മവിമർശനത്തിനും തിരുത്തലുകൾക്കും നാം എപ്പോഴും തയ്യാറായിരിക്കണം. അവിഹിതമായ മാർഗ്ഗങ്ങളിലൂടെ ഒരു നേട്ടവുമുണ്ടാക്കുകയില്ലെന്ന ദൃഢനിശ്ചയവുമായി മുന്നോട്ടു പോകുവാൻ നമുക്കാവണം. യേശുവിനോടൊപ്പം അന്ധകാരത്തിൽ പ്രശോഭിക്കേണ്ട പ്രകാശവും മരണത്തിന്റെ മേഖലയിലും നിഴലിലും ഉദയം ചെയ്യേണ്ട ദീപ്തിയുമാണ് നാമെന്ന വസ്തുത നാം വിസ്മരിക്കരുത്. അതല്ലെങ്കിൽ "പ്രകാശം തന്നെ അന്ധകാരമാണെങ്കിൽ അന്ധകാരം എത്ര വലുതായിരിക്കും" (മത്താ 6:22) എന്ന് നമ്മെയും ഇന്നത്തെ സമൂഹത്തെയും നേക്കി യേശുവിന് വിലപിക്കേണ്ടിവരും. സമുദായ ദിനം ആചരിക്കുന്ന ഈ അവസരത്തിൽ ലത്തീൻ കത്തോലിക്കരായ നമുക്ക് യേശുവിനോടൊപ്പം പ്രകാശമായി പ്രശോഭിക്കാൻ നമ്മെത്തന്നെ സമർപ്പിക്കാം.

**കെ.ആർ.എൽ. സി**

ഇരുപതു ലക്ഷം വരുന്ന ലത്തീൻ കത്തോലിക്കരുടെ കൂട്ടായ്മയാണ് കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ (കെ.ആർ.എൽ.സി.സി.) കേരള ലത്തീൻ സഭയുടെയും സമുദായത്തിന്റെയും ശക്തീകരണം ലക്ഷ്യമാക്കി 2002 ൽ രൂപീകരിച്ചതാണ് ഈ പ്രസ്ഥാനം. ഇന്ന് ലത്തീൻ കുടുംബങ്ങളും സമുദായവും പൊതുവായി നേരിടുന്ന സാമൂഹിക-രാഷ്ട്രീയ-വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ 11 രൂപതകളെയും കോർത്തിണക്കി പ്രവർത്തിക്കുന്ന ഉന്നത നയരൂപീകരണ ഏകോപന സമിതിയാണിത്. പത്തു വർഷം പിന്നിടുന്ന ഈ സമിതി സഭാ സംവിധാനങ്ങളെയും, സാമുദായിക സംഘടനകളെയും ഏകോപിപ്പിച്ച് വ്യക്തമായ ദിശാബോധത്തോടെയുള്ള പ്രവർത്തനവുമായി മുന്നേറുകയാണ്. സമുദായത്തിനുള്ള സർക്കാർ സംവരണത്തിലെ നഷ്ടം നികത്താൻ വേണ്ടി 2004 ൽ കെ.ആർ.എൽ.സി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തിയ സെക്രട്ടറിയേറ്റ് സമരം സമുദായത്തിനു ഗുണകരമായി ഭവിച്ചു. സമുദായത്തിന്റെ രാഷ്ട്രീയ നയം- മൂല്യാധിഷ്ഠിത പ്രശ്നാധിഷ്ഠിത സമദൂരനയം -2005 ൽ പ്രഖ്യാപിച്ചു. തുടർന്നുള്ള വർഷങ്ങളിൽ വിദ്യാഭ്യാസ-വികസന-യുവജന നയങ്ങളും കെ.ആർ.എൽ.സി.സി. പ്രഖ്യാപിക്കുകയുണ്ടായി. സമുദായ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകാൻ ഈ നയരൂപീകരണങ്ങൾക്ക് കഴിഞ്ഞു. അടിസ്ഥാന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായാംഗങ്ങളുടെ പ്രശ്നങ്ങൾ ഉൾപ്പെടെ സമുദായത്തിന്റെ അടിയന്തിര ആവശ്യങ്ങളടങ്ങിയ അവകാശ പത്രിക 2004 ലും 2010 ലും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കെ. ആർ.എൽ.സി.സി. സമർപ്പിക്കുകയുണ്ടായി. അതിന്റെ ഗുണഫലം കണ്ടുതുടങ്ങിയിട്ടുണ്ട്.

കേരള നവോത്ഥാനത്തിന്റെ അസ്ഥിവാരം ഒരുക്കുന്നതിൽ കാതലായ സംഭാവനകൾ നല്കിയിട്ടുള്ളവരാണ് ലത്തീൻ കത്തോലിക്ക മിഷനറിമാർ. ഈ സന്ദർഭത്തിൽ എടുത്തുപറയേണ്ട ഒരു കാര്യം 1511-ൽ അവർ കൊച്ചിയിൽ സ്ഥാപിച്ച കേരളത്തിലെ ആദ്യത്തെ വിദ്യാലയത്തെപ്പറ്റിയാണ്. ഈ വർഷം ഈ മഹത്തായ സംരംഭത്തിന് അഞ്ചു നൂറ്റാണ്ടു തികയുകയാണ്. ഈ വകകാര്യങ്ങളെക്കുറിച്ച് സമുദായാംഗങ്ങൾ, പ്രത്യേകിച്ചും ഇന്നത്തെ തലമുറ അജ്ഞരായിരുന്നുകൂടാ. ഒപ്പം സമുദായത്തിന്റെ സംഭാവനകളും അർഹതകളും അവകാശങ്ങളും പൊതു സമൂഹത്തിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുകയും വേണം. ഈ വലിയ ദൗത്യം കെ.ആർ.എൽ.സി.സി.യുടെ നേതൃത്വത്തിൽ 2005 ൽ ആരംഭിച്ച ജീവനാദം വാരിക നിർവ്വഹിക്കുന്നുണ്ട്. സമുദായത്തോടുള്ള സ്നേഹ പ്രകടനമായി എല്ലാ കുടുംബങ്ങളും വാർഷിക വരിസംഖ്യ അടച്ച് ജീവനാദം വാരികയുടെ വരിക്കാരാകണമെന്ന് നിങ്ങളെയേവരേയും ഓർമ്മിപ്പിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്.

ഇതര സമുദായങ്ങൾക്കും സഭാ വിഭാഗങ്ങൾക്കും ഉള്ളതുപോലെ ലത്തീൻ സഭയ്ക്കും സമുദായത്തിനുമായി ഒരു ആസ്ഥാന മന്ദിരം നമുക്ക് അത്യാവശ്യമാണ്. അതിന്റെ പ്രാരംഭ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വലിയ മുതൽ മുടക്ക് വേണ്ടി വരുന്ന ആസ്ഥാന മന്ദിര നിർമ്മാണത്തിന് സമുദായാംഗങ്ങളുടെ ഉദാരമായ സാമ്പത്തിക സഹകരണം ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു. 2010 ഫെബ്രുവരിയിൽ നമ്മൾ നടത്തിയ ലത്തീൻ സമുദായ സംഗമം സമുദായ ശക്തീകരണത്തിന് ഏറെ സഹായിക്കുകയുണ്ടായി. അതിന്റെ വിജയത്തിനായി പ്രവർത്തിച്ചവരെയെല്ലാം നന്ദിയോടെ അനുസ്മരിക്കുന്നു.

**സമുദായ ദിനാഘോഷം**

ലത്തീൻ ജനതയിൽ സമുദായ ബോധവും സ്നേഹവും വളർത്താൻ എല്ലാ വർഷവും വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ കഴിഞ്ഞു വരുന്ന ഞായറാഴ്ച സമുദായ ദിനമായി നാം ആചരിച്ചു വരികയാണല്ലോ. ഈ വർഷം ഡിസംബർ 4-ാം തീയതി ഞായറാഴ്ചയാണ് സമുദായ ദിനമായി നാം ആചരിക്കുന്നത്. നമ്മുടെ എല്ലാ ഇടവകകളിലും സമുദായ ദിനം ഉചിതമായ രീതിയിൽ ആഘോഷിക്കുവാൻ സഹായിക്കുന്ന ചില നിർദ്ദേശങ്ങളിവയാണ്.

1. പേപ്പൽപതാക ഉയർത്തുകയും സമുദായ ഐക്യം ഉണർത്തുന്ന പ്രതിജ്ഞ ചൊല്ലുകയും ചെയ്യുക
2. കെ.എൽ.സി.എ., സി.എസ്.എസ്., കെ.എൽ.സി.ഡബ്ലിയൂ.എ, കെ.സി.വൈ.എം, ഡി.സി.എം.എസ് തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ, ചർച്ചകൾ, എക്സിബിഷനുകൾ, റാലി തുടങ്ങിയവ സംഘടിപ്പിക്കുക.
3. ദിവ്യബലിയിൽ പ്രത്യേകമായി ലത്തീൻ സമുദായത്തിനു വേണ്ടി പ്രാർത്ഥിക്കുക
4. ഇടവകതലത്തിൽ 'ജീവനാദം' പ്രചരിപ്പിക്കുക.
5 ഇടവകയിൽ സാമൂഹ്യ പ്രവർത്തനം നടത്തുന്നവർ, കലാ - കായിക - സാസ്കാരിക - രാഷ്ട്രീയ - വിദ്യാഭ്യാസ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചവരെ അനുമോദിക്കുക.
6 ലത്തീൻ സഭയുടെ സംഭാവനകൾ അഥവാ മിഷനറിമാരുടെ സംഭാവനകൾ എന്നിവയെ ആസ്പദമാക്കി ഉപന്യാസ മത്സരങ്ങൾ സംഘടിപ്പിക്കുക.

ഈ വർഷം മുതൽ സമുദായ ദിനത്തിൽ ദിവ്യബലി മദ്ധ്യേ സംഭരിക്കുന്ന സ്തോത്രക്കാഴ്ച കെ. ആർ.എൽ.സി.സി. യുടെ പ്രവർത്തനങ്ങൾക്കുവേണ്ടി നൽകുവാൻ ലത്തീൻ കത്തോലിക്ക മെത്രാൻ സമിതി തീരുമാനിച്ച വിവരം നിങ്ങളെ അറിയിക്കുന്നു. മനുഷ്യവിഭവത്താൽ ലത്തീൻ സമുദായം സമ്പന്നമാണെങ്കിലും സാമ്പത്തിക അവസ്ഥയിൽ നാം ഏറെ പിന്നിലാണ്. സമുദായത്തിന്റെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾക്ക് സമുദായാംഗങ്ങളുടെ വിലപ്പെട്ട സംഭാവന കൂടിയേ തീരു. ആയതിനാൽ സമുദായത്തിനുള്ള നമ്മുടെ വാർഷിക ഓഹരി ഔദാര്യപൂർവ്വകവും വിലപ്പെട്ടതുമാക്കാൻ ഓരോരുത്തരും സന്മനസ്സ് കാണിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ബഹു. വികാരിയച്ചൻമാർ ഡിസംബർ 31 ന് മുമ്പായി ഇടവക സംഭാവന രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. അതാതു രൂപതകളുടെ സംഭാവനകൾ യഥാസമയം പ്രസിദ്ധപ്പെടുത്തുന്നതാണ്. പരിമിതികൾക്കും പരാധീനതകൾക്കും ഇടയിൽ സ്നേഹക്കൂട്ടായ്മയിൽ വളർന്നു കൊണ്ടിരിക്കുന്ന നമ്മെ നിരന്തരം പരിപാലിച്ചുകൊണ്ടിരിക്കുന്ന കർത്താവായ യേശുവിന്റെ കൃപയും സമാധാനവും നിങ്ങളേവരുടെയും മേൽ ഉണ്ടാവട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ,

കേരളലത്തീൻകത്തോലിക്ക സമിതിക്കുവേണ്ടി,

1. ആർച്ച്ബിഷപ് ഡോ. സൂസപാക്യം എം (തിരുവനന്തപുരം അതിരൂപത)
2. ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ (വരാപ്പുഴ അതിരൂപത)
3. ബിഷപ്പ് ഡോ. വിൻസന്റ് സാമുവൽ (നെയ്യാറ്റിൻകര രൂപത )
4. ബിഷപ്പ് ഡോ. വർഗ്ഗീസ് ചക്കാലക്കൽ (കണ്ണൂർ രൂപത)
5. ബിഷപ്പ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ (ആലപ്പുഴ രൂപത)
6. ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ (കൊല്ലം രൂപത)
7. ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിയിൽ (വിജയപുരം രൂപത)
8. ബിഷപ്പ് ഡോ. ജോസഫ് കരിയിൽ (കൊച്ചി രൂപത)
9. ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ (പുനലൂർ രൂപത)
10. ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി (കോട്ടപ്പുറം രൂപത)
11. മോൺസിഞ്ഞോർ. ഡോ. വിൻസന്റ് അറക്കൽ (കോഴിക്കോട് രൂപത അഡ്മിനിസ്റ്റേറ്റർ)

---

**NB**:ഈ ഇടയലേഖനം 2011 നവംബർ മാസം 27-ാം തീയതി (ആഗമനകാലം ഒന്നാം ഞായർ) ദിവ്യബലിമദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.